300, 400 അടി ആഴത്തിലിറങ്ങി പാറപൊട്ടിച്ച് ലോറികളിൽ കയറ്റുന്ന പണി അവർ ചെയ്യുന്നുണ്ട്. ഫോറസ്റ്റ് ഏരിയാകളിലും ഇതുപോലെ പണിയെടുക്കുന്നുണ്ട്. ഏറ്റവും റിസ്ക്കുള്ള ഈ ജോലി ചെയ്യുന്ന അവരെ സംബന്ധിച്ചിടത്തോളം ഒരുവഴിക്കും യാതൊരു ആനുകൂല്യവും അവർക്ക് ലഭിക്കുന്നില്ല. ഇത് ഏറ്റവും വേദനാജനകമായിട്ടുള്ള കാര്യമാണ്. അതുകൊണ്ട് അവർക്ക് ജോലി സ്ഥിരത വേണം. ജോലി സമയത്തിന് ക്ലിപ്തതവേണം. മാനസിക ഉല്ലാസത്തിന് അവർക്ക് അവസരം ഉണ്ടാകണം. ഗ്രൂപ്പ് ഇൻഷ്വറൻസും, അപകട ഇൻഷ്വറൻസും വേണം. പെൻഷനും ഗ്രാറ്റിവിറ്റിയും വേണം. ഇങ്ങനെയുള്ള ഒട്ടേറെ കാര്യങ്ങൾ അവരെ സംബന്ധിച്ച് ആവശ്യമുണ്ട്. അതിന് ആവശ്യമായിട്ടുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണം. അത് വളരെ വൈകിപ്പോയി എന്നാണ് എന്റെ അഭിപ്രായം. മറ്റ് പല മേഖലകളിലും ക്ഷേമനിധി ഉള്ളപ്പോൾ ഇത്രയേറെ റിസ്ക് എടുക്കുന്ന പട്ടികജാതിക്കാർ ഉൾപ്പെടെയുള്ള സമൂഹത്തിൽ ഏറ്റവും താഴെ ജീവിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവർ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണുവാൻ ഈ ബില്ല് ആവശ്യമാണ്.

മി. സ്പീക്കർ : അങ്ങേയ്ക്ക് അടുത്ത ദിവസം തുടരാം; (ചർച്ച തുടരും)

(2) 1999-ലെ കേരള സ്വകാര്യ സെക്യൂരിറ്റി ഗാർഡുകളുടെ സേവന-വേതന വ്യവസ്ഥ നിർണ്ണയവും ക്ഷേമനിധി സംസ്ഥാപനവും ബിൽ†

(ശ്രീ. ഇ.എം. അഗസ്തി നോട്ടീസ് നൽകിയത്)

ശ്രീ. ഇ.എം. അഗസ്തി : സർ, 1999-ലെ കേരള സ്വകാര്യ സെക്യൂരിറ്റി ഗാർഡുകളുടെ സേവന-വേതന വ്യവസ്ഥ നിർണ്ണയവും ക്ഷേമനിധി സംസ്ഥാപനവും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ബാലറാം : പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : ബില്ലിന്റെ അവതരണത്തെ എതിർക്കുന്നു.

ശ്രീ. ഇ.എം. അഗസ്തി : നമ്മുടെ സംസ്ഥാനത്ത് സുരക്ഷിതത്വ പരിപാലനത്തിന് പ്രധാന പങ്കുവഹിക്കുന്ന ഈ സെക്യൂരിറ്റി ഗാർഡുകളുടെ സേവന-വേതന വ്യവസ്ഥ സംബന്ധിച്ചും അവരുടെ സുരക്ഷിതത്വം സംബന്ധിച്ചും നമ്മുടെ നാട്ടിൽ യാതൊരു നിയമവും ഇല്ലാത്ത സ്ഥിതിയാണ്. നമ്മുടെ സംസ്ഥാനത്ത് പോലീസുകാരുടെ ജോലിഭാരം വളരെ കുറച്ചുകൊണ്ടുവരുന്ന സുപ്രധാനമായ ജോലിയിൽ ഇവരാണ് ഏർപ്പെട്ടിരിക്കുന്നത്. നമ്മുടെ നാട്ടിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെയും എല്ലാം സുരക്ഷിതത്വം ഇപ്പോൾ നിർവ്വഹിക്കുന്നത് സെക്യൂരിറ്റി ജീവനക്കാരാണ്. അവരെ റിക്രൂട്ട് ചെയ്യുന്നത് സംബന്ധിച്ചും തൊഴിൽപരമായ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നത് സംബന്ധിച്ചും യാതൊരു നിബന്ധനയും ഇപ്പോൾ നമ്മുടെ സംസ്ഥാനത്തില്ല. ഞാൻ വിചാരിച്ചത് ബഹുമാനപ്പെട്ട മന്ത്രി ഇതിനെ എതിർക്കുകയില്ല എന്നാണ്. മുൻപ് ശ്രീ. കെ.പി. രാജേന്ദ്രൻ ചൂണ്ടിക്കാണിച്ച

† അനുബന്ധം - VII

LIBRARY ARCHIVES Kerala Legislative Assembly

തുപോലെ സഭയിൽ എതിർത്താലും അധികം താമസിക്കാതെതന്നെ ഔദ്യോഗികമായി ഈ ബില്ല് കൊണ്ടുവരേണ്ടിവരുമെന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. ഇങ്ങനെ ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യകതയെപ്പറ്റി ഞാൻ ചൂണ്ടിക്കാണിക്കുവാനുള്ള കാരണം റിക്രൂട്ട് ചെയ്യുന്ന ഏജൻസികൾ ജോലിചെയ്യുന്ന സ്ഥാപനത്തിൽനിന്നും പ്രതിഫലം കൊടുക്കുന്നുണ്ട്. ജോലി ചെയ്യുന്ന ആളിന് കിട്ടേണ്ട പ്രതിഫലം മറ്റൊരു ഏജൻസിക്കാണ് ലഭിക്കുന്നത്. അത് ലഭിക്കുന്നത് റിക്രൂട്ടിംഗ് ഏജൻസിക്കാണ്. അങ്ങനെയൊരു സംവിധാനം ഈ സംസ്ഥാനത്ത് വേറൊരു വിഭാഗത്തിനും ഇല്ല. കോൺട്രാക്ട് വ്യവസ്ഥയാണ്. കോൺട്രാക്ടർമാർ, ഇടനിലക്കാർ, മധ്യസ്ഥന്മാർ നമ്മുടെ സംസ്ഥാനത്തെ തൊഴിൽ മേഖലയിലോട്ട് കടന്നുവരുന്നത് എന്നന്നേക്കുമായി അവസാനിപ്പിച്ചു എന്ന് അവകാശപ്പെടുന്ന കങ്കാണി സംവിധാനമുണ്ടല്ലോ, ജോലി ചെയ്യുന്ന ആളുകളുടെ പ്രതിഫലം മൂന്നാം ഏജൻസികൊണ്ടുപോകുന്ന ഈ ഏർപ്പാട് തൊഴിൽ രംഗത്ത് ഏറ്റവും അപരിഷ്കൃതമാണ്. ഇന്ത്യാ, രാജ്യത്ത് ഈ സംവിധാനം എല്ലാ സംസ്ഥാനങ്ങളും അവസാനിപ്പിച്ചതാണ്. പിൻവാതിലിലൂടെ ആ നടപടിക്രമം കൊണ്ടുവരുന്നുണ്ട്. പ്ലാന്റേഷൻ വ്യവസായത്തിൽപ്പോലും പതിവ് ജോലിചെയ്യുന്ന ആളുകൾക്ക് കിട്ടേണ്ട തുക അവരെ കൂട്ടിക്കൊണ്ടുവരുന്നവർ കമ്മീഷൻ വാങ്ങുന്ന കങ്കാണി സമ്പ്രദായം ഉണ്ടായിരുന്നു. കങ്കാണി സിസ്റ്റം പൂർണ്ണമായും കേരള സംസ്ഥാനം അബോളിഷ് ചെയ്തതാണ്. ആ കങ്കാണി സിസ്റ്റംതന്നെയാണ് ഈ സെക്യൂരിറ്റി ഗാർഡുകളെ നിയമിക്കുന്നതിലൂടെ നടക്കുന്നത്. എന്താണ് ഇപ്പോൾ നടക്കുന്ന കാര്യം? അവരുടെ വേതനം നിർണ്ണയിക്കണം.

<u>ശ്രീ. എ.കെ. മണി</u> : ഈ കങ്കാണി സിസ്റ്റം ബ്രിട്ടീഷ് ഗവൺമെന്റ് കൊണ്ടുവന്നതാണ്. ബ്രിട്ടീഷ് ഗവൺമെന്റ് കൊണ്ടുവന്ന ആ സമ്പ്രദായം തന്നെയാണ് ഇപ്പോഴും തുടരുന്നത് എന്നാണോ?

<u>ശ്രീ. ഇ.എം. അഗസ്തി</u> : ബ്രിട്ടീഷുകാർ നടപ്പാക്കിയ കങ്കാണി സിസ്റ്റം 1952-ൽ ഉപേക്ഷിച്ചതാണ്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം കങ്കാണി സമ്പ്രദായം പൂർണ്ണമായും നിരോധിക്കണമെന്ന ഏർപ്പാട് വരികയും അത് നമ്മുടെ പ്ലാന്റേഷൻ വ്യവസായത്തിൽ നിയമപരമായി നടപ്പിലാക്കുകയും കുറെക്കാലം തുടർന്നുവരികയും ചെയ്തു. 1975-ൽ ഗവൺമെന്റ് സ്വീകരിച്ച കർശനമായ നടപടിയെതുടർന്ന് കങ്കാണി സമ്പ്രദായം എന്നന്നേക്കുമായി അവസാനിപ്പിക്കണമെന്ന് നമ്മൾ അവകാശപ്പെട്ടു.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> സുപ്രീം കോടതി അടുത്ത് പുറപ്പെടുവിച്ച ഒരു വിധിയിൽ ഈ രീതിയിലുള്ള സമ്പ്രദായം തുടരുവാൻ പാടില്ല, ഇത് ഒരു അൺഫെയർ പ്രാക്ടീസാണ് എന്നുപറഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തുതന്നെ ചില പൊതുമേഖലാ സ്ഥാപനങ്ങൾ ഈ രീതിയിൽ സെക്യൂരിറ്റി സംവിധാനം വച്ച് മറ്റ് രീതിയിൽ ഒക്കെ നിയമിക്കുന്നത് തടയുന്നതിനുള്ള നടപടി ഉണ്ടാകണമെന്ന് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. ഇ.എം. അഗസ്തി</u> : ശ്രീ. കെ.പി. രാജേന്ദ്രന്റെ സഹായത്തിന് നന്ദിയുണ്ട്. പക്ഷെ എനിക്ക് ബോധ്യമായിട്ട് കാര്യമില്ല. അങ്ങ് തന്നെ ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞ് ബോധ്യപ്പെടുത്തിയെങ്കിലേ പ്രശ്നത്തിന് പരിഹാരമുണ്ടാകൂ. അതിന് ബഹുമാനപ്പെട്ട കെ.പി. രാജേന്ദ്രൻ എന്നെയും ഈ സഭയെയും സഹായിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

<u>ശ്രീ. പാലോട് രവി</u> : ഇന്നലെ തൊഴിൽ വകുപ്പ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. കെ.പി. രാജേന്ദ്രനും ഞങ്ങളുമൊക്കെ ചൂണ്ടിക്കാണിച്ചത് ഇത്

LIBRARY ARCHIVES Kerala Legislative Assembly

അൺഫെയർ ലേബർ പ്രാക്ടീസാണെന്നാണ്. കെ.റ്റി.ഡി.സി., ട്രാൻസ്പോർട്ട് തുടങ്ങി ഒട്ടനവധി പൊതുമേഖലാ സ്ഥാപനങ്ങളിൽ ആരംഭിച്ചിരിക്കുന്ന ഡെയ്‌ലി വേജസ് എന്ന പേരിലുള്ള സെക്യൂരിറ്റി നിയമനമാണ്. ഇത് അൺഫെയർ ലേബർ പ്രാക്ടീസാണ്. തൊഴിൽ ബന്ധങ്ങളെയും തൊഴിൽ മേഖലയെയും തകർക്കുന്നു എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ? അങ്ങ് കൊണ്ടുവന്നിരിക്കുന്ന ഈ നിയമം മാതൃകയായി സ്വീകരിച്ചുകൊണ്ട് ഇത് പാസ്സാക്കുവാൻ ഗവൺമെന്റ് മുൻകൈയെടുക്കണം.

ശ്രീ. ഇ.എം. അഗസ്തി : വളരെ അൺഹെൽത്തി പ്രക്ടീസ് എന്നുള്ള നിലയിൽ ഇത് അവസാനിപ്പിക്കുവാൻ വേണ്ടിയാണ് നിയമം കൊണ്ടുവന്നത്. ബഹുമാനപ്പെട്ട മന്ത്രി ഈ ചർച്ചയുടെ അവസാനഘട്ടത്തിൽ സഹകരിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : ശ്രീ. പാലോട് രവി ഉദ്ദേശിച്ചത് ഡെയ്‌ലി വേജസായിട്ട് കെ.റ്റി.ഡി.സി., കെ.എസ്.ആർ.റ്റി.സി എന്നിവ എടുത്തിട്ടുള്ള ജീവനക്കാരെ ഒഴിവാക്കണമെന്നാണോ? ഒരു കങ്കാണി സിസ്റ്റത്തിന്റെ അടിസ്ഥാനത്തിൽ ആളുകളെ റിക്രൂട്ട് ചെയ്യുമ്പോൾ അതിനിടയിൽ നിന്നുകൊണ്ട് കമ്മീഷൻ പറ്റുന്ന ഏർപ്പാട് അവസാനിപ്പിക്കണമെന്നാണോ അങ്ങ് ഉദ്ദേശിക്കുന്നത്?

ശ്രീ. പാലോട് രവി : പല സ്ഥലത്തും ഇന്ന് ഉദ്യോഗസ്ഥന്മാർ തന്നെ കങ്കാണിമാരാകുകയാണ്. അതാണ് അൺഫെയർ ലേബർ പ്രാക്ടീസ് എന്നു പറയുന്നത്. കങ്കാണി സിസ്റ്റം അബോളിഷ് ചെയ്തതിനുശേഷം കേരളത്തിൽ പല പൊതുമേഖലാ സ്ഥാപനങ്ങളിലും പല ഉദ്യോഗസ്ഥന്മാരും കങ്കാണിമാർ ആകുകയാണ്. അതാണ് അൺഫെയർ ലേബർ പ്രാക്ടീസ്. അത് തടയുന്നതിന് ശ്രീ. ഇ.എം. അഗസ്തി കൊണ്ടുവന്നിരിക്കുന്ന നിയമം സർക്കാർ അംഗീകരിക്കണം.

ശ്രീ. ഇ.എം. അഗസ്തി : എന്റെ ബില്ലിന്റെ ഉദ്ദേശശുദ്ധി എന്നു പറയുന്നത് സെക്യൂരിറ്റിക്കാരുടെ സേവന-വേതന വ്യവസ്ഥ സംബന്ധിച്ചും മറ്റും തൊഴിൽ രംഗത്തുള്ള അൺഫെയർ ലേബർ പ്രാക്ടീസ് അവസാനിപ്പിക്കണമെന്നതാണ്. ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിച്ചു എന്നു മാത്രമേയുള്ളു. ആ കാര്യത്തെ കുറിച്ച് ശ്രീ. പാലോട് രവിയും ശ്രീ. പി.പി. സുലൈമാൻ റാവുത്തറും തമ്മിൽ തർക്കത്തിന്റെ ആവശ്യമില്ല. രണ്ടുപേരും ട്രേഡ് യൂണിയൻ നേതാക്കന്മാരാണ്. നിങ്ങൾ രണ്ടുപേരുംകൂടി മുൻകൈയെടുക്കണമെന്നാണ് എന്റെ അഭിപ്രായം. ഞാൻ വിഷയത്തിലേക്ക് വരട്ടെ.

മി. സ്പീക്കർ : അങ്ങേയ്ക്ക് അടുത്ത ദിവസം തുടരാം.

(ചർച്ച തുടരും)

(3) ദി കമ്പൽസറി പ്രാക്ടീസിംഗ് ഓഫ് ഗവൺമെന്റ് ഡോക്ടേഴ്സ് (ഇൻ റൂറൽ ഏരിയാസ്) ബിൽ 1999.†

(ശ്രീ. ഇ.എം. അഗസ്തി നോട്ടീസ് നൽകിയത്)

† അനുബന്ധം - VIII

LIBRARY ARCHIVES Kerala Legislative Assembly